**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - കേരള ക്ഷീരകർഷക ക്ഷേമനിധിയിലെ വിവിധ ധനസഹായ പദ്ധതികളായ ക്ഷീരസാന്ത്വനം, ഓണമധുരം, ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട പദ്ധതി തുടങ്ങിയവയുടെ സൂക്ഷ്മ പരിശോധന നടത്തൽ എന്നിവ സംബന്ധിച്ച ജോലികൾ സമയബന്ധിതമായും സുഗമമായും പൂർത്തീകരിക്കുന്നതിലേക്കായി ഭരണസൗകര്യാർത്ഥം 6 മാസക്കാലയളവിലേക്ക് 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/3011/2024-E1 തിരുവനന്തപുരം,തീയതി:27-09-2024

---

പരാമർശം:-

1. കേരള ക്ഷീരകർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.08.2024 ലെ KDFWF/2970/2021-C നമ്പർ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 27.02.2024, 13.09.2024 തീയതികളിലെ DDDKER/2117/2023-E1 നമ്പർ ഉത്തരവുകൾ.

## <u>ഉത്തരവ്</u>

കേരള ക്ഷീര കർഷക ക്ഷേമനിധി ഹെഡ് ഓഫീസിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് ക്ഷീരവികസന ഓഫീസറായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ചതിനെത്തുടർന്ന് സ്പെഷ്യൽ ഡ്യൂട്ടി അവസാനിപ്പിച്ച് വിടുതൽ ചെയ്തതായും മറ്റൊരു ഡെയറി ഫാം ഇൻസ്ട്രക്ടർ ടിയാളുടെ ചികിൽസാർത്ഥം സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചതായും എന്നാൽ, കേരള ക്ഷീരകർഷക ക്ഷേമനിധിയിലെ വിവിധ ധനസഹായ പദ്ധതികളായ ക്ഷീരസാന്ത്വനം, ഓണമധുരം, ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട പദ്ധതി തുടങ്ങിയവയുടെ സൂക്ഷ്മ പരിശോധന നടത്തൽ എന്നിവ സംബന്ധിച്ച ജോലികൾ സമയബന്ധിതമായും സുഗമമായും പൂർത്തീകരിക്കുന്നതിലേക്കായി ജീവനക്കാരുടെ കുറവുള്ളതായും ആയതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് പകരം 2 ഡെയറി ഫാം ഇൻസ്ട്രക്ടർമാരെ അടിയന്തരമായി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിക്കണമെന്ന് കേരള ക്ഷീരകർഷക ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ക്ഷീരവികസന ഓഫീസറായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് പകരം പത്തനംതിട്ട ജില്ലയിലെ തിരുവല്ല ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടറായ ശ്രീമതി. ആതിര ആർ.എൽ.-നെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ ഭരണസൗകര്യാർത്ഥം 6 മാസക്കാലയളവിലേക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചിട്ടുള്ള ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് പകരം തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടറായ ശ്രീമതി. കുമാരി ശ്രീദേവി സി.എസ്.-നെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ ഭരണസൗകര്യാർത്ഥം 6 മാസക്കാലയളവിലേക്കോ, സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിച്ചിരിക്കുന്ന ഡെയറി ഫാം ഇൻസ്ട്രക്ടർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ ഏത് ആദ്യം എന്ന വ്യവസ്ഥയിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Asif K Yusuf
Date: 27-09-2024 16:28:30

ഡയറക്ടർ

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ)

2) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക്. (ഡി.ഡി. മുഖേന)

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.

6) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

7) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

8) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC & IT, ഡയറക്ടറേറ്റ് (വെബ്-സൈറ്റ് അപ്ഡേഷനായി)

9) സഞ്ചയം.

10) ശേഖരസഞ്ചയം.